**19U451** (Pages: 2) Name: ………………………

Reg. No……………………..

**FOURTH SEMESTER B.A./ B.Sc./ B.S.W. DEGREE EXAMINATION, APRIL 2021**

(CBCSS-UG)

**മലയാള സാഹിത്യം - IV**

(Malayalam - Common Course)

(2019 Admission - Regular)

Time: 2.5 Hours Maximum: 80 Marks

Credit: 4

സെക്ഷൻ - **A.**

I. രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക. 2 മാർക്ക് വീതമുള്ള 15 ചോദ്യങ്ങൾ. (പരമാവധി 25 മാർക്ക്)

1. ഹൃദയം എവിടേക്ക് പോയെന്നാണ് കവി പറയുന്നത്?
2. വിവർത്തനം നിസ്തുലമാകുന്നത് എങ്ങനെയാണ്?
3. എഴുത്തിലും വായനയിലും അനാവശ്യമായി ' ഒരു ' ചേർക്കുന്നതിനെക്കുറിച്ച് മാരാരുടെ അഭിപ്രായം എന്താണ്?
4. സൈമൺ ലീസ് ഡോക്ടർമാരെ തെരെഞ്ഞെടുക്കുന്നതെങ്ങനെ?
5. ആശയവിനിമയം എന്നാൽ എന്ത്?
6. ശരിയായ പദം എഴുതുക.

   അഭ്യസ്തവിദ്യൻ - അഭ്യസ്ഥവിദ്യൻ

   യാദൃശ്ചികം – യാദൃച്ഛികം

   വിമ്മിട്ടം – വിമ്മിഷ്ടം

   ജാള്യത - ജാള്യം
7. "അവഗണനയുടെ ദുഃഖം മനസ്സിൽ ഏറെനാൾ കനത്തു കിടന്നു". വിവരിക്കുക.
8. വിവർത്തനത്തെ സ്മിത്ത് നിർവ്വചിച്ചിരിക്കുന്നതെങ്ങനെ?
9. വിശപ്പിന്റെ രാഷ്ട്രീയം അനുഭവങ്ങളിൽ അടയാളപ്പെടുത്തിയിരിക്കുന്നതെങ്ങനെ?
10. സൗന്ദര്യാത്മക വിദ്യാഭ്യാസത്തിന്റെ പ്രസക്തിയെക്കുറിച്ച് ലേഖകൻ അഭിപ്രായപ്പെട്ടിരിക്കുന്നതെന്ത്?
11. ബഷീറിയൻ ശൈലിയെ കെ.പി.ശങ്കരൻ വിലയിരുത്തുന്നതെങ്ങനെ?

 **Turn Over**

12. ഭാഷാന്തരവിവർത്തനം എന്നാൽ എന്ത്?
13. സങ്കേതനം എന്നാൽ എന്ത്?

14. നന്മ തിന്മകളുടെ വൃക്ഷം എന്ന സൂചകത്തിലൂടെ ലേഖകൻ വിശദീകരിക്കുന്നതെന്ത്?

15. കുഞ്ഞേടത്തിയുടെ സ്വഭാവത്തിന്റെ സവിശേഷതകൾ കണ്ടെത്തുക.

**(Ceiling: 25 Marks)**

## സെക്ഷൻ - B.

II. ഒന്നര പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. അഞ്ച് മാർക്ക് വീതമുള്ള 8 ചോദ്യങ്ങൾ,

(പരമാവധി 35 മാർക്ക് )

16. കഥാപാത്ര നിരൂപണം തയ്യാറാക്കുക - ബ്രിജി പാൽ ത്യാഗി.

17. അനുഭവങ്ങളുടെ തീച്ചൂളയിലൂടെ നീങ്ങുന്ന ഗോപിയുടെ ജീവിതത്തിൽ നിന്നും നന്തനാരുടെ മരണദർശനം രൂപപ്പെട്ടിരിക്കുന്നതെങ്ങനെയെന്ന് വിശദീകരിക്കുക.

18. അറിവാണ് സ്വാതന്ത്ര്യത്തിലേക്കുള്ള വഴിയെന്ന് ലേഖകൻ സമർത്ഥിക്കുന്നതെങ്ങനെ?

19. നാരായണ ഗുരുവിന്റെ കണ്ണാടി പ്രതിഷ്ഠയ്ക്ക് പിന്നിലുള്ള രാഷ്ട്രീയം ലേഖകൻ അവതരിപ്പിച്ചിരിക്കുന്നതെങ്ങനെ?

20. വ്യക്തി നാമത്തിന്റെ തെരഞ്ഞെടുപ്പിന് പിന്നിൽ പ്രവർത്തിക്കുന്ന ഘടകങ്ങൾ വിശദമാക്കുക.

21. ഭക്ഷണത്തിന്റെ ജനാധിപത്യം ബഷീർ പ്രേമലേഖനം എന്ന കഥയിൽ അവതരിപ്പിച്ചിരിക്കുന്നതെങ്ങനെ?

22. ഭാഷയുമായി ബന്ധപ്പെട്ടു നിൽക്കുന്ന വിവിധ പഠന ശാഖകളെ പരിചയപെടുത്തുക,

23. തെറ്റുണ്ടെങ്കിൽ തിരുത്തുക.

i വായുപോലെ അത്യന്താപേക്ഷിതമായതും ഒഴിച്ചുകൂടാനാവാത്തതുമാണ് ജലം .

ii മഴയത്തു കരിഞ്ഞു നിന്ന സസ്യങ്ങൾ തളിർത്തു.

iii എല്ലാ തിങ്കളാഴ്ചതോറും ഞാൻ അനാഥാലയത്തിൽ ഭക്ഷണ വിതരവും ചെയ്യും.

iv അയാൾ അലക്കിത്തേച്ച വെളുവെളുത്ത ശുഭ്ര വസ്ത്രമാണ് ധരിക്കുന്നത്.

**(Ceiling: 35 Marks)**

**19U451**

## സെക്ഷൻ - C.

III. ഏതെങ്കിലും രണ്ട് ചോദ്യത്തിന് മൂന്നു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

24. ജനാധിപത്യം ഒരു ഭംഗിവാക്കായി മാറുന്ന കാലത്തിൽ തീറ്റയുടെ ജനാധിപത്യത്തെ എം.എൻ കാരശ്ശേരി നോക്കിക്കാണുനതെങ്ങനെ?

25. വ്യാജസൂചനകൾ എന്ന കവിതയ്ക്കൊരാസ്വാദനം തയാറാക്കുക.

26. നാരായണഗുരുവിന്റെ ദർശനങ്ങളെ സമഗ്രമായി അവതരിപ്പിക്കുന്ന ഒരു ലേഖനമാണ് എം.കെ സാനുവിന്റെ മനുഷ്യരെല്ലാം സഹോദരൻമാർ - ചർച്ച ചെയ്ത ഉപന്യാസം തയ്യാറാക്കുക.

27. ആത്മകഥാംശം നിറഞ്ഞ നോവൽ എന്ന നിലയിൽ നന്തനാരുടെ 'അനുഭവങ്ങൾ ' എന്ന കൃതിയെ വിലയിരുത്തുക.

**(2 × 10 = 20 Marks)**

*******

(3)